ICPS2/4321/2022 (7)

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508, 0471-2346534
ഇ-മെയിൽ directorate.wcd@kerala.gov.in

തിയതി : 28/12/2022

# ടെണ്ടർ നോട്ടീസ്

വനിതാ ശിശുവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമുകളിൽ താമസിക്കുന്ന കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2023 ജനുവരി മാസം 20,21,22 തീയതികളിൽ തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ വച്ച് 'വർണ്ണച്ചിറകുകൾ 2022' എന്ന പേരിൽ നടത്തുന്ന പരിപാടിയിലേക്ക് ചുവടെ പറയുന്ന പ്രവർത്തികൾ ചെയ്യുന്നതിന് ഈ മേഖലയിൽ പരിചയസമ്പന്നരായ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് മൽസരാധിഷ്ഠിത സ്വഭാവമുള്ള ടെണ്ടറുകൾ സീൽ ചെയ്ത് മുദ്ര വച്ച കവറിൽ ക്ഷണിക്കുന്നു.

| ക്രമനം. | പ്രവർത്തി സ്വഭാവം | വലുപ്പം/ എണ്ണം | അടങ്കൽ തുക |
|---|---|---|---|
| 1. | തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജ് ക്യാമ്പസിൽ ഒരേ സമയം 350 പേർക്ക് ഇരുന്നു ഭക്ഷണം കഴിക്കുവാൻ വലിപ്പത്തിൽ ഷീറ്റ് ഉപയോഗിച്ച് തയ്യാറാക്കിയ പന്തൽ. വെള്ളത്തുണിയിൽ മുകൾ ഭാഗവും വശങ്ങളിൽ കർട്ടൻ/ തുണി ഉപയോഗിച്ച് മറയ്ക്കുകയും വേണം. | 5000 Sq ft. | 85,000/- |
| 2. | ക്യാമ്പസിനുള്ളിലെ ഓപ്പൺ സ്റ്റേജിനു മുന്നിലായി 200 പേർക്ക് ഇരിക്കുവൻ കഴിയുന്ന തരത്തിൽ പന്തൽ നിർമ്മാണം. വെള്ളത്തുണിയിൽ മുകൾ ഭാഗവും വശങ്ങളിൽ കർട്ടൻ/ തുണി ഉപയോഗിച്ച് മറയ്ക്കുകയും വേണം. | 1800 Sq ft. | 30,600/- |
| 3. | പരിപാടിക്ക് 3 ദിവസങ്ങളിലേക്ക് ആവശ്യമായ പ്ലാസ്റ്റിക് കസേരകൾ | 1300 എണ്ണം | 27,300/- |
| 4 | പരിപാടിക്ക് 3 ദിവസങ്ങളിലേക്ക് ആവശ്യമായ സ്റ്റീൽ ടേബിൾ (വിരി ഉൾപ്പെടെ) | 200 എണ്ണം | 18,000/- |
| 5. | പരിപാടിക്ക് 3 ദിവസങ്ങളിലേക്ക് ഭക്ഷണം സജ്ജീകരിക്കുന്നതിനുള്ള കെനോപി(വലുത്) | 4 എണ്ണം | 12,000/- |

പ്രവർത്തിയുടെ അടങ്കൽ തുക : 1,72,900/- (നികുതി ഉൾപ്പെടെ)

ടെണ്ടർവില (അടങ്കൽ തുകയുടെ 0.2%): Rs. 400/- (Min)+Rs. 72(18% GST)=472/-

നിരതദ്രവ്യം (അടങ്കൽ തുകയുടെ 1%): Rs. 1729/- (വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ അംഗീകൃത ബാങ്കിൽ നിന്ന് എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റ്)

| | | |
|---|---|---|
| ടെണ്ടർ ഫോം വിൽക്കുന്ന അവസാന തീയതിയും സമയവും | : | 13/01/2023 വൈകുന്നേരം 2.00 മണി. |
| പൂരിപ്പിച്ച ടെണ്ടറുകൾ ആവശ്യമായ രേഖകൾ സഹിതം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | : | 13/01/2023 വൈകുന്നേരം 3.00 മണി. |
| ടെണ്ടറുകൾ തുറക്കുന്ന തീയതിയും സമയവും | : | 13/01/2023 വൈകുന്നേരം 4.00 മണി. |
| ടെണ്ടർ സമർപ്പിക്കേണ്ട അധികാരിയുടെ ഓഫീസ് മേൽ വിലാസം | : | ഡയറക്ടർ, വനിതാ ശിശുവികസന ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം. |

<u>വ്യവസ്ഥകൾ</u>

1. മുകളിൽ പ്രവർത്തി ക്രമനം. 1,2 എന്നിവയിൽ പറയുന്ന പ്രവർത്തികൾക്ക് സ്ക്വയർഫീറ്റ് റേറ്റും ആകെ തുകയുമാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
2. ക്രമ നം 3,4,5 എന്നിവയിൽ പറയുന്ന പ്രവർത്തികൾക്ക് യൂണിറ്റ് റേറ്റും (ഒന്നിന്റെ വില) ആകെ തുകയും ആണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
3. എല്ലാ പ്രവർത്തി തുകയും ട്രാൻസ്പോർട്ടേഷൻ ചെലവ് ഉൾപ്പെടെ ആയിരിക്കും.
4. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടർ സമർപ്പിച്ച കരാറുകാരുടേയും അവർ രേഖാമൂലം ചുമതലപ്പെടുത്തുന്നവരുടേയോ സാന്നിധ്യത്തിൽ നിശ്ചിത തീയതിയിൽ നിശ്ചിത സമയത്തിൽ ടെണ്ടർ തുറന്നു പരിശോധിക്കുന്നതായിരിക്കും. ഇവരുടെ അഭാവത്തിലും നിശ്ചിത സമയത്ത് ടെണ്ടർ തുറന്നു പരിശോധിക്കുന്നതായിരിക്കും.
5. ടെണ്ടർ തുറക്കുന്ന തീയതിയിൽ ഏതെങ്കിലും സാഹചര്യത്തിൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസത്തിൽ രാവിലെ 10.30 മണിക്ക് ടെണ്ടറുകൾ തുറന്നു പരിശോധിക്കുന്നതാണ്.
6. ടെണ്ടറിന് സ്റ്റോർ പർച്ചേസ് മാനുവൽ, ജി എസ് ടി, ഐ ടി ചട്ടങ്ങൾ മറ്റു സർക്കാർ ചട്ടങ്ങൾ/ഉത്തരവുകൾ ബാധകമായിരിക്കും.
7. ടെണ്ടറുകൾ ഏതൊരു കാരണവും കൂടാതെ നിരുപാധികം നിരസിക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും നീട്ടി വയ്ക്കുന്നതിനുമുള്ള അധികാരം ടെണ്ടർ ക്ഷണിച്ച അധികാരിയിൽ നിക്ഷിപ്തമായിരിക്കും.
8. ടെണ്ടർ അംഗീകരിച്ചു ലഭിക്കുന്ന കരാറുകാരൻ കരാറു തുകയുടെ 5% തുക സെക്യൂരിറ്റി നിക്ഷേപമായി സമർപ്പിക്കേണ്ടതും, 200/- രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത കരാർ ഏർപ്പെട്ട് പ്രവർത്തി പൂർത്തിയാക്കേണ്ടതുമാണ്.
9. ടെണ്ടർ സമർപ്പിക്കുന്ന കവറിനു മുകളിൽ ടെണ്ടർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ടെണ്ടർ തീയതിമുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും തിരുവനന്തപുരം പൂജപ്പുര ആസ്ഥാനമായി പ്രവർത്തിക്കുന്ന വനിത ശിശുവികസന ഡയറക്ടറേറ്റിൽ നിന്നും അറിയാവുന്നതും പ്രവർത്തി സ്ഥലം പരിശോധിക്കാവുന്നതാണ്.

വനിത ശിശുവികസന ഡയറക്ടർ